പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 874 — 1/3/2017 ൽ മറുപടിക്ക്

**അസുഖം ബാധിച്ചതും ചത്തതുമായ ഇറച്ചിയുടെയും കോഴിയുടെയും കടത്ത്**

ചോദ്യം — മറുപടി

ശ്രീ. എൻ.ഷംസുദ്ദീൻ:

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | തിരുവനന്തപുരത്ത് തമിഴ്നാട് അതിർത്തിയായ പാറശാലയ്ക്കു സമീപം പ്രവർത്തിക്കുന്ന ഗവൺമെന്റിന്റെ പരിശോധന വിഭാഗത്തിന്റെ മൗനാനുവാദത്തിൽ തമിഴ്നാട്ടിൽ നിന്നും അസുഖം ബാധിച്ചതും ചത്തതുമായ (സുനാമി ചിക്കൻ) ഇറച്ചിയും, കോഴികളും കടത്തുന്നതായ റിപ്പോർട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, വ്യക്തമാക്കാമൊ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | എങ്കിൽ ഇത്തരം കോഴി ഇറച്ചി കേരളത്തിലേക്ക് കടത്തുന്നത് തടയുവാൻ ഉത്തരവാദപ്പെട്ട തിരുവനന്തപുരത്ത് പാറശാലയ്ക്കു സമീപമുള്ള ഗവൺമെൻറിന്റെ പരിശോധന വിഭാഗം ഓഫീസിന്റെ പ്രവർത്തനത്തെക്കുറിച്ച് വകുപ്പ് മേലധികാരികൾ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ അതേകുറിച്ച് വിശദീകരണം നൽകുമോ; | ബി) | വിലയിരുത്തൽ നടത്തിയിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പക്ഷി മൃഗാദികളുടെയും സംസ്കരിച്ച കോഴിയിറച്ചിയുടെയും പരിശോധന ചെക്ക് പോസ്റ്റിൽ നടത്തുന്നുണ്ട്. മൃഗങ്ങളുടെ ഉറവിടസ്ഥലങ്ങളിലെ വെറ്ററിനറി ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് പരിശോധിക്കുകയും ആരോഗ്യ സ്ഥിതി നിരീക്ഷിക്കുകയും കൂടുതൽ പരിശോധന ആവശ്യമുണ്ടെന്നു വിലയിരുത്തുന്നവയെ പ്രത്യേകമായി നിരീക്ഷിച്ച് ആരോഗ്യമുള്ളവയെ മാത്രം കടത്തിവിടുകയും ചെയ്യുന്നു.<br><br>അസുഖമുള്ള പക്ഷിക്കൂട്ടങ്ങളെ സംസ്ഥാനത്ത് പ്രവേശിപ്പിക്കാതെ ഉറവിട സ്ഥാനത്തേക്ക് മടക്കി അയയ്ക്കുന്നു. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം വകുപ്പ് മേലധികാരികൾ വിലയിരുത്തിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തന റിപ്പോർട്ട് ആധാരമാക്കി എല്ലാ മാസയോഗങ്ങളിലും ചർച്ചകളും വിലയിരുത്തലുകളും നടത്തുന്നു. |
| സി) | ഈ ഇറച്ചിയാണ് സംസ്ഥാനത്തെ നഗരങ്ങളിലെ ഹോട്ടലുകളിൽ എത്തുന്നതെന്നതിനാൽ അവ പരിശോധിച്ച് സത്വരനടപടി കൈക്കൊള്ളുമോ? | സി) | ഭക്ഷ്യസുരക്ഷാ വകുപ്പ് ഹോട്ടലുകളിൽ പരിശോധന നടത്തിയതിൽ ഇപ്രകാരമുള്ള ഇറച്ചി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ